# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** | **മാർക്ക് - 50**

**10.30am - 12.30pm** | **STD - IV** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം ഏത് പേരിലാണ് അറിയപ്പെടുന്നത്?
2. അബ്രാഹം ദൈവത്തിന്റെ കല്പന അനുസരിച്ച് ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങിയ മല?
3. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹം ഏത്?
4. മാമ്മോദീസായിലെ മൂന്നാമത്തെ തൈലം പൂശൽ എന്തിനെ സൂചിപ്പിക്കുന്നു?
5. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് എന്താണ് ലഭിക്കുന്നത്?
6. എന്താണ് ഏറ്റവും വലിയ ആരാധന?
7. ഈശോ എങ്ങനെയാണ് മനുഷ്യവർഗ്ഗത്തെ പിതാവായ ദൈവവുമായി രമ്യപ്പെടുത്തിയത്?
8. പുതിയനിയമത്തിലെ പെസഹാ എന്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനമാണ്?
9. ഈ ലോകജീവിതത്തിൽ വിശ്വാസത്തിനെതിരായ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുന്ന കൂദാശ ഏത്?
10. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു." ബൈബിൾ വാക്യം ഏത്?

| |
|---|
| ദൈവികജീവൻ |
| ആത്മാഭിഷേകം |
| ലൂക്കാ 2:52 |
| വിശുദ്ധീകരണം |
| മോറിയ |
| കുരിശിലെ ബലിവഴി |
| ഹോറബ് |
| പാപം |
| ലൂക്കാ 2:49 |
| പ്രവേശകകൂദാശകൾ |
| തൈലാഭിഷേകം |
| പരിശുദ്ധ കുർബാന |
| തിരുസഭ |
| മാമ്മോദീസ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. പരിശുദ്ധാത്മാവിന്റെ 12 ഫലങ്ങളിൽ ആറെണ്ണം കണ്ടെത്തി എഴുതുക.

ബുദ്ധി | സഹനശക്തി | വിശ്വസ്തത

വിശുദ്ധി | ദൈവഭയം | ക്ഷമ

സ്നേഹം | സന്തോഷം | അറിവ്

12. a) അൾത്താരയിലെ പങ്കുവയ്ക്കൽ .............. ലെ പങ്കുവയ്ക്കലിലേയ്ക്കു നമ്മെ നയിക്കണം.

b) "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ............ കാണാൻ കഴിയുകയില്ല." (യോഹ. 3:3)

c) ദൈവത്തിന്റെ ഇഷ്ടത്തിനു സ്വയം സമർപ്പിക്കുന്നതാണ് ...........ന്റെ കാതൽ.

## C. ചേരുംപടി ചേർക്കുക 1X5=5

13.

| | | |
|---|---|---|
| ജീവന്റെ അപ്പം | - | ദൈവപുത്രസ്ഥാനം |
| നിക്കൊദേമോസ് | - | കൃപാവരം |
| ജീവജലം | - | മന്നാ |
| മാമ്മോദീസ | - | ഈശോ |
| മിശിഹായുടെ ശരീരം | - | രക്തസാക്ഷി |
| | - | യഹൂദപ്രമാണി |
| | - | സഭ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. ദൈവകല്പനകളിൽ മൂന്നാമത്തെയും നാലാമത്തെയും കല്പനകൾ എഴുതുക.

15. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ എന്നാണ് ആഘോഷിക്കുന്നത്?

16. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 62:5, "ദൈവത്തിൽ മാത്രമാണ് ..........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലകൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?

19. ദൈവികജീവൻ നമുക്ക് ആവശ്യമാകുന്നത് എങ്ങനെ?

20. ഏതിന്റെയെല്ലാം സാദൃശ്യങ്ങളിലാണ് ഈശോ തന്റെ ശരീരവും രക്തവും നമുക്ക് നൽകുന്നത്?

21. എന്താണ് കൂദാശകൾ?

22. പഴയനിയമകാലത്തെ ബലിയർപ്പണത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. ജറുസലേം ദൈവാലയത്തിൽ തിരുനാളിന് പോയപ്പോൾ ഈശോയെ കാണാതായ സംഭവം വിവരിക്കുക. നസ്രത്തിൽ തിരിച്ചെത്തിയ ഈശോയെ നമുക്ക് എങ്ങനെ മാതൃകയാക്കാം. ഉപപാഠപുസ്തകത്തിലെ 'തിരുക്കുടുംബത്തോടൊപ്പം' എന്ന പാഠത്തെ ആസ്പദമാക്കി എഴുതുക.

24. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# Semester 1 2025-2026
# STD IV

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. **പ്രവേശകകൂദാശകൾ 3/21/1**
2. **മോറിയ 6/36/1**
3. **തിരുസഭ 2/14/1**
4. **ആത്മാഭിഷേകം 4/26/2**
5. **ദൈവികജീവൻ 1/10/3**
6. **പരിശുദ്ധ കുർബാന – ഉപപാഠം 3/15/**Box
7. **കുരിശിലെ ബലിവഴി 6/38/1**
8. **പാപം 7/44/Line 11**
9. **തൈലാഭിഷേകം 5/33/1**
10. **ലൂക്കാ 2:52 ഉപപാഠം 1/5/box**

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക

11. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ **5/32–33**

    വിശ്വസ്തത, സഹനശക്തി, വിശുദ്ധി, സ്നേഹം, ക്ഷമ, സന്തോഷം,

12. a) **ജീവിതത്തിലെ 7/45/2**

    b) **ദൈവരാജ്യം 4/24/1**

    c) **ബലിജീവിതത്തിന്റെ 6/39/3**

## C. ചേരുംപടി ചേർക്കുക.

13. ജീവന്റെ അപ്പം – ഈശോ **7/43/ Line 4**

    നിക്കോദേമോസ് – യഹൂദപ്രമാണി 4**/24/1**

    മാമ്മോദീസ – ദൈവപുത്രസ്ഥാനം **4/26/3**

    മിശിഹായുടെ ശരീരം – സഭ **2/15/2**

    ജീവജലം – കൃപാവരം **3/19,20**

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

14. 3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം

    4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം

15. ആഗസ്റ്റ് 15

16. സങ്കീർത്തനങ്ങൾ 62:5 :- ദൈവത്തിൽമാത്രമാണ് എനിക്കാശ്വാസം, അവിടുന്നാണ് എനിക്കു പ്രത്യാശ നൽകുന്നത്.

17. **തിരമാലകൾ:** തിരമാലകൾ ഈ ലോകജീവിതത്തേയും മനുഷ്യന്റെ പ്രതികൂല സാഹചര്യങ്ങളേയും സൂചിപ്പിക്കുന്നു.

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക

18. **3/21/2**

ഒരുക്കത്തോടും ഭക്തിയോടും കൂടെ

19. **2/15/3**

ഈശോയോട് ചേർന്നുനിന്ന് നമ്മുടെ ദൗത്യം നിർവ്വഹിക്കുവാനും സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ വളരുവാനും.

20. **7/43/1**

അപ്പത്തിന്റേയും വീഞ്ഞിന്റേയും

21. **3/20/4**

അദൃശ്യമായ ദൈവീകജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന, ഈശോ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ ദൃശ്യമായ അടയാളങ്ങളാണ്.

22. **6/37/1**

ദൈവത്തെ ആരാധിക്കുക, ദൈവത്തിന് നന്ദി പറയുക, പാപങ്ങൾക്ക് മാപ്പപേക്ഷിക്കുക, ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

23. **ഉപപാഠം 2/9-10** 'തിരുക്കുടുംബത്തോടൊപ്പം' എന്ന പാഠം.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - IV** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. ക്രൈസ്തവജീവിതത്തിന്റെ വാതിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൂദാശ ഏത്?
2. ദൈവാലയത്തിലെ സ്വർഗ്ഗ തുല്യമായ സ്ഥലമേത്?
3. ഏത് കൂദാശയാണ് ഐക്യത്തിന്റെ കൂദാശ എന്ന് അറിയപ്പെടുന്നത്?
4. ഈശോ നമുക്ക് വാഗ്ദാനം ചെയ്ത ജീവജലം എന്ത്?
5. ദൈവം വസിക്കുന്ന ആലയം
6. മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് എവിടെവച്ച്?
7. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ ഏത്?
8. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും നമുക്ക് ഏത് കൂദാശയിലൂടെയാണ് ലഭിക്കുന്നത്?
9. ഈശോ വി. കുർബാന സ്ഥാപിച്ചത് എന്ന്?
10. ലഘുപാപത്തിൽനിന്നും മാരകപാപത്തിൽ നിന്നും മോചനം നേടാനുള്ള കൂദാശ ഏത്?
11. മാമ്മോദീസ എന്ന വാക്കിന്റെ അർത്ഥം
12. കുർബാന എന്ന സുറിയാനി വാക്കിന്റെ അർത്ഥം

| |
|---|
| സ്നാനം |
| മദ്ബഹാ |
| അനുരഞ്ജന കൂദാശ |
| തൈലാഭിഷേകം |
| സമർപ്പണം |
| വിശുദ്ധികരിക്കുക |
| ദൈവാലയകവാടം |
| രോഗീലേപനം |
| മാമ്മോദീസ |
| പെസഹാത്തിരുന്നാളിൽ |
| കൂദാശകൾ |
| വി.കുർബാന |
| ദൈവീകജീവൻ |
| ദൈവാലയം |
| സ്വർഗ്ഗാരോഹണ തിരുനാളിൽ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6**

13. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ കണ്ടെത്തി എഴുതുക.

ബുദ്ധി | സഹനശക്തി | ആലോചന

സമാധാനം | ദൈവഭയം | ജ്ഞാനം

ആത്മശക്തി | ഭക്തി | അറിവ്

14. a) ഞാനാണ് .............. എന്റെ അടുത്ത് വരുന്നവന് ഒരിക്കലും വിശക്കുകയില്ല. (യോഹ 6:35)

b) തന്റെ ഏകജാതനെ നൽകാൻ തക്കവിധം ........... ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ. 3:16)

c) ഞാൻ ................. നിങ്ങൾ ശാഖകളുമാണ്. (യോഹ. 15:5)

## C. ചേരുംപടി ചേർക്കുക 1X5=5

15.

| | | |
|---|---|---|
| ആദിമാതാപിതാക്കളുടെ പാപം | - | വി. എസ്തപ്പാനോസ് |
| മായാത്ത മുദ്ര | - | മാമ്മോദീസ |
| മോറിയാമല | - | കടന്നുപോകൽ |
| പെസഹാ | - | തൈലാഭിഷേകം |
| ആദ്യത്തെ രക്തസാക്ഷി | - | വി. പൗലോസ് |
| | - | അബ്രാഹം |
| | - | ജന്മപാപം |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. കുടുംബങ്ങളുടെ കാവൽമാലഖയായി സ്വർഗത്തിൽ മാദ്ധ്യസ്ഥം വഹിക്കുന്ന വിശുദ്ധ?

17. പത്ത് ദൈവകല്പനകളിൽ നാലാമത്തെ ദൈവകല്പന എഴുതുക.

18. വചനം പൂർത്തിയാക്കുക. വി. മത്തായി 21:22, “ഒന്നിനെക്കുറിച്ചും ...........”

19. 2024–2025 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം എന്ത്?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. ആർക്കാണ് ദൈവീകജീവൻ ലഭിക്കുന്നത്?

21. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ ഏവ?

22. ബലിയർപ്പണത്തിന്റെ ഫലങ്ങൾ ഏവ?

23. മാരകപാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ വി. കുർബാന സ്വീകരിക്കുന്നതിനുമുമ്പ് എന്തു ചെയ്യണം?

24. പൂർണ്ണമനസ്താപം എന്നാലെന്ത്?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. കൂദാശകൾ എന്നാലെന്ത്? കൂദാശകൾ എത്ര? കൂദാശകൾ ഏതെല്ലാം? എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?

**(അല്ലെങ്കിൽ)**

നമുക്കെല്ലാവർക്കും ഏറ്റവും പ്രിയപ്പെട്ടതാണല്ലോ നമ്മുടെ ഇടവക ദൈവാലയം. ദൈവാലയത്തിൽ എന്തൊക്കെ നമുക്ക് കാണാനാകും അവയുടെ പേരുകൾ പറയാമോ? ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ നമ്മൾ എന്താണ് ചെയ്യേണ്ടത്?

26. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# STD - IV

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും എടുത്തെഴുതുക (10 എണ്ണം)**

1 മാമ്മോദീസ (പാഠം 4 പേജ് 25 പാര 1 )
2 മദ്ബഹാ (ഉപപാഠം 3 പേജ് 16 പാര 1 )
3 വി.കുർബാന (പാഠം 7 പേജ് 45 പാര 1)
4 ദൈവീകജീവൻ (പാഠം 3 പേജ് 19 പാര 2 )
5 ദൈവാലയം (ഉപപാഠം 3 പേജ് 12)
6 ദൈവാലയകവാടം (പാഠം 4 പേജ് 25 പാര 3 )
7 കൂദാശകൾ (പാഠം 3 പേജ് 20 പാര 2 )
8 തൈലാഭിഷേകം (പാഠം 5 പേജ് 31 പാര 6 )
9 പെസഹാത്തിരുനാൾ (പാഠം 8 പേജ് 49 പാര 2 )
10 അനുരഞ്ജനകൂദാശ (പാഠം 9 പേജ് 55 പാര 6 )
11 സ്നാനം (പാഠം 4 പേജ് 25 പാര 1 )
12 സമർപ്പണം (പാഠം 6 പേജ് 39 പാര 1 )

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക**

13 (പാഠം 5 പേജ് 32) ബുദ്ധി, ആലോചന, അറിവ് , ജ്ഞാനം, ആത്മശക്തി, ദൈവഭയം, ഭക്തി
14 a ജിവന്റെ അപ്പം (പാഠം 7 പേജ് 43 പാര 1 )
b ദൈവം (പാഠം 6 പേജ് 37 പാര 3)
c മുന്തിരിച്ചെടിയും (പാഠം 1 പേജ് 9 പാര 1 )

**C. ചേരുംപടി ചേർക്കുക**

15 ആദിമാതാപിതാക്കളുടെ പാപം - ജന്മപാപം (പാഠം 4 പേജ് 24 പാര 2)
മായാത്ത മുദ്ര - തൈലാഭിഷേകം (പാഠം 5 പേജ് 33 പാര 1)
മോറിയാമല - അബ്രാഹം (പാഠം 6 പേജ് 36 പാര 1)
പെസഹാ - കടന്നുപോകൽ (പാഠം 7 പേജ് 43 പാര 2 )
ആദ്യത്തെ രക്തസാക്ഷി - വി. എസ്തപ്പാനോസ് (പാഠം 5 പേജ് 31 പാര 2 )

**D. നമസ്ക്കാരങ്ങൾ/ സത്യദീപം/ബൈബിൾ /ലോഗോ**

16 വി. മറിയം ത്രേസ്യ (സത്യദീപം, ജൂൺ 12, പേജ് 11)
17 മാതാപിതാക്കന്മാരെ ബഹുമാനിക്കണം. (നമസ്കാരങ്ങൾ പേജ് 10)
18 വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും
(വി. മത്തായി 21:22) (വചനദീപം പേജ് 26 Oct 13)
19 പ്രാർത്ഥനയിൽ വളരാം. (വചനദീപം പേജ് 09)

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക**

20 പാഠം 1 പേജ് 10 പാര 1
21 പാഠം 8 പേജ് 50
22 പാഠം 6 പേജ് 39
23 പാഠം 8 പേജ് 49 പാര 3
24 പാഠം 9 പേജ് 55 പാര 3

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.**

25 പാഠം 3 പേജ് 19-21
26 ഉപപാഠം 3 പേജ് 12-15

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - IV** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10**


1. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് ലഭിക്കുന്നതെന്ത്?
2. ദൈവത്തിന്റെ വാഗ്ദാനപ്രകാരം ദൈവം അബ്രാഹത്തിനു നൽകിയ ഏകമകൻ?
3. നിത്യജീവൻ പ്രദാനം ചെയ്യുന്ന കൃപാവരം ഈശോ നമുക്ക് നൽകുന്നതെന്തിലൂടെയാണ്?
4. പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും ലഭിക്കുന്നത് ഏത് കൂദാശയിലൂടെയാണ്?
5. 'മാമ്മോദീസ' എന്ന വാക്കിന്റെ അർത്ഥം
6. 'കൂദാശ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം
7. ജന്മപാപത്തിൽനിന്ന് ദൈവമക്കൾ എന്ന അവസ്ഥയിലേക്ക് നയിക്കുന്ന കൂദാശ
8. 'കുർബാന' എന്ന സുറിയാനി വാക്കിന്റെ അർത്ഥം
9. സഭയിലെ ആദ്യ രക്തസാക്ഷി ആര്?
10. ഇസഹാക്കിനെ ബലിയർപ്പിക്കാൻ ദൈവം അബ്രാഹത്തോടു കൽപ്പിച്ച മല

| |
|---|
| സഭ |
| പത്രോസ് ശ്ലീഹ |
| ഇസഹാക്ക് |
| എസ്തപ്പാനോസ് |
| ദൈവസ്നേഹം |
| തൈലാഭിഷേകം |
| ജോസഫ് |
| മാമ്മോദീസ |
| സമർപ്പണം |
| മോറിയ |
| സ്നാനം |
| ദൈവികജീവൻ |
| കൂദാശകൾ |
| വിശുദ്ധീകരിക്കുന്ന കർമ്മം |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

11. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും തരം തിരച്ചെഴുതുക.




12. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കുവാൻ വേണ്ട കാര്യങ്ങൾ


a) ...................... അവസ്ഥയിലായിരിക്കുക.

b) ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പ് ഒരു മണിക്കൂറെങ്കിലും............

c) വേണ്ടത്ര ................. ഒരുക്കവും ഉണ്ടായിരിക്കുക.

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക** **5X1=5**

13.




**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. "തിന്മയിൽനിന്നകന്നു........... ചെയ്യുവിൻ; സമാധാനമന്വേഷിച്ച് അതിനെ പിൻതുടരുവിൻ." (സങ്കീർത്തനങ്ങൾ 34:14)
15. തിരുസഭയുടെ കൽപ്പനകളിൽ ഒന്നാമത്തേത് എഴുതുക?
16. വളർച്ചയുടെ കൂദാശ ഏത്?
17. 2023-2024 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'മൂന്ന് നീല പുഷ്പങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു.

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. ഈശോയെ വിശ്വസിച്ചും സ്നേഹിച്ചും അവിടുത്തോടു ചേർന്നുനിൽക്കുവാൻ നാം എന്തുചെയ്യണം?
19. ഈശോ വി. കുർബാന സ്ഥാപിച്ചതെന്തിന്?
20. വി. കുർബാനയിലൂടെ നമ്മുടെ ആത്മാവിന് ഭക്ഷണമായി നൽകുന്നത് എന്ത്?
21. തൈലാഭിഷേക കൂദാശ നമ്മെ ശക്തരാക്കുന്നത് എന്തിനെല്ലാം?
22. നമുക്കു ദൈവികജീവൻ പകർന്നു നൽകുന്ന നീർച്ചാൽ ഏത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. മാമ്മോദീസായുടെ ഫലങ്ങൾ എന്തെല്ലാം? നാലാം പാഠത്തെ ആസ്പദമാക്കി ഉത്തരമെഴുതുക.

**(അല്ലെങ്കിൽ)**

24. 2023-2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യമായ 'നന്മയിൽ വളരാം' എന്നതിനെക്കുറിച്ച് ഒരു പേജിൽ കുറയാതെ എഴുതുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** | **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** | **STD - IV** | **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകളാണ്

   1. നന്മ പ്രവൃത്തികൾ 2. സഹനങ്ങൾ 3. കൂദാശകൾ

2. ജീവന്റെ ഉറവിടം ------- ആണ്.

   1. വിശുദ്ധന്മാർ 2. ഈശോ 3. സഭ

3. സഭയിലെ ആദ്യത്തെ രക്തസാക്ഷി ആരാണ്?

   1. വി. സെബസ്ത്യാനോസ് 2. വി. എസ്തപ്പാനോസ് 3. വി. തോമസ്

4. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ എത്രാം വാർഷികമാണ് ഈ വർഷം ആചരിക്കുന്നത്?

   1. 1950 2. 1900 3. 1975

5. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്".

   1. 1 കോറി. 7:26 2. 1 കോറി. 12:12 3. 1 കോറി. 12:27

## B. പൂരിപ്പിക്കുക 1X5=5

6. സഭാശരീരത്തിന്റെ ശിരസ്സ് ------- ആണ്.
7. "ശക്തനായവൻ എനിക്ക് ------- ചെയ്തിരിക്കുന്നു; അവിടുത്തെ നാമം പരിശുദ്ധമാണ്". (ലൂക്കാ 1:49)
8. പെസഹാത്തിരുനാളിലാണ് ഈശോ ------- സ്ഥാപിച്ചത്.
9. മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് ------- വച്ചാണ്.
10. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം ------- എന്ന് അറിയപ്പെടുന്നു.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2X6=12

11. തൈലാഭിഷേകമെന്ന കൂദാശയുടെ പ്രധാന അടയാളങ്ങൾ ഏവ?
12. 2022-2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'വൃത്താകൃതിയിലുള്ള വെള്ളി നിറത്തിലുള്ള പ്രകാശം' എന്തിനെ സൂചിപ്പിക്കുന്നു?

13. കൂദാശകൾ എന്നാൽ എന്ത്?

14. മൗലിക സുകൃതങ്ങൾ എഴുതുക.

15. മാരകമായ പാപങ്ങളോടെ വി. കുർബാന സ്വീകരിക്കുവാൻ പാടില്ല എന്നുപറയുന്നത് എന്തുകൊണ്ട്?

16. ബലിയർപ്പണത്തിന്റെ ഫലങ്ങളേവ?

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക 4x2=8**

17. 'വി. കുർബാന' എന്ന കൂദാശ എന്ത്? എന്തുകൊണ്ടാണ് വി. കുർബാനയെ 'ഐക്യത്തിന്റെ കൂദാശ' എന്ന് വിളിക്കുന്നത്?

18. പാഠഭാഗത്തിലെ വിശ്വാസപ്രമാണം എഴുതുക.

19. തൈലാഭിഷേക കൂദാശ എന്നാൽ എന്ത്? തൈലാഭിഷേക കൂദാശയുടെ ഫലങ്ങൾ ഏവ?

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

20. ഈശോയുമായുള്ള ബന്ധത്തിലേക്കും സഭാജീവിതത്തിലേക്കും കടന്നു വരുവാൻ പ്രവേശകകൂദാശകൾ എങ്ങനെ വഴിയൊരുക്കുന്നു എന്ന് വിശദീകരിക്കുക.

21. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52) എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. നാലാം ക്ലാസ് വിദ്യാർത്ഥിയെന്ന നിലയിൽ എങ്ങനെയെല്ലാം നമുക്ക് യേശുവിനെ അനുകരിക്കാം? ദൈവത്തിന്റെയും മനുഷ്യരുടെയും സത്യസന്ധമായ പ്രീതി നേടാൻ എന്തെല്ലാം ചെയ്യണം?

| | |
|---|---|
| 22. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

## STD IV

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. കൂദാശകൾ (പാഠം 3, പേജ് 20, പാര. 3)
2. ഈശോ (പാഠം 1, പേജ് 9)
3. എസ്തപ്പാനോസ് (പാഠം 5, പേജ് 31, പാര. 2)
4. 1950 (ജനറൽ)
5. 1 കോറി. 12:27 (പാഠം 2, പേജ് 14, പാര. 2)

**B. പൂരിപ്പിക്കുക**

6. മിശിഹാ (പാഠം 2, പേജ് 15, പാര. 1)
7. വലിയ കാര്യങ്ങൾ (ലൂക്കാ 1: 49)
8. കുർബാന (പാഠം 7, പേജ് 43, പാര. 3)
9. ദൈവാലയകവാടത്തിങ്കൽ (പാഠം 4, പേജ് 25 പാര. 5)
10. പ്രവേശകകൂദാശകൾ (പാഠം 3, പേജ് 21, പാര. 1)

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക**

11. പാഠം 5, പേജ് 33, പാര. 2
12. ഭൂമിയെ ചുറ്റിയുള്ള വൃത്താകൃതിയിലുള്ള വെള്ളി നിറത്തിലുള്ള പ്രകാശം ദൈവപരിപാലനയെ സൂചിപ്പിക്കുന്നു.
13. പാഠം 3, പേജ് 20, പാര. 5
14. നമസ്കാരങ്ങൾ 23
15. പാഠം 8, പേജ് 49, പാര. 3
16. പാഠം 6, പേജ് 39, പാര. 4

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതംഎഴുതുക**

17. പാഠം 7 പേജ് 43, പാര. 3, പേജ് 45, പാര. 1,2
18. പാഠം 4, പേജ് 28
19. പാഠം 5 പേജ് 32, 33

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക**

20. പാഠം 3, പേജ് 21
21.